"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് — കുടുംബശ്രീ - ഓണം വിപണന മേളകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ് എം) വകുപ്പ്**

G.O.(Rt)No.1640/2023/LSGD തീയതി,തിരുവനന്തപുരം, 11-08-2023

---

പരാമർശം:- 1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20-07-2023 തീയതിയിലെ കത്ത്.

**ഉത്തരവ്**

2023 വർഷത്തെ ഓണം വിപണനമേള കുടുംബശ്രീ സി.ഡി.എസുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതായും ആയതിലേയ്ക്കായി കുടുംബശ്രീ റൂറൽ സി.ഡി.എസ് കൾക്ക് 12,000/- രൂപ വീതവും നഗരസഭാ തലത്തിൽ ഓരോ സിഡിഎസുകൾക്കും 15,000/- രൂപ വീതവും അനുവദിച്ചിട്ടുള്ളതിൽ അധികമായി ആവശ്യം വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്ന് പരമാവധി ഒരു ലക്ഷം രൂപവരെ ചെലവഴിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2023 - ലെ ഓണം വിപണനമേള കുടുംബശ്രീ സി.ഡി.എസുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്നതിന് അധികമായി ആവശ്യം വരുന്ന ചെലവുകൾക്ക് ഒരു സി.ഡി.എസ്സിന് പരാമവധി ഒരു ലക്ഷം രൂപ വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിനു വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SNEHALATHA K

DEPUTY SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, എൽ എസ് ജി ഡി, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

K Renuka

Date: 11-08-2023 17:27:04

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്
PA to ACS
PA to Principal Secretary.